
CHIDAMBARAM PILLAI MEMORIAL HIGHER SECONDARY SCHOOL PEERMADE

# ACADEMIC MASTER PLAN

## 2025-26



# CPM GHSS PEERMADE



## SCHOOL PROFILE

| | |
|---|---|
| Name Of School | : CPM GHSS Peermade |
| Phone No | : 04869232607 |
| Village | : Peermade |
| Name of Cluster | : Peermade |
| Name of Panchayath | : Peermade |
| Block | : Azhutha,Idukki District |
| Headmaster | : Suresh K |
| E mail Id | cpmghsspeermade@gmail.com |



# ആമുഖം

1936-ൽ ശ്രീ. ചിദംബരം പിള്ള സ്ഥാപിച്ച സരസ്വതീ ക്ഷേത്രം ഇന്ന് ചിദംബരം പിള്ള മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, പീരുമേട് എന്ന പേരിൽ കേരളത്തിന്റെ വിദ്യാഭ്യാസ ഭൂപടത്തിൽ ആധുനിക വിദ്യാഭ്യാസത്തിന്റെ ഒരു ഉദാത്ത പ്രതീകമായി നിലകൊള്ളുന്നു. തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി ആരംഭിച്ച ഈ സ്കൂൾ, പീരുമേട്ടിലും സമീപപ്രദേശങ്ങളിലും നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസ അഭാവം പരിഹരിച്ച്, ഒരുകാലത്ത് 2000-ലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുന്ന കേന്ദ്രമായി മാറി. 88 വർഷങ്ങൾക്ക് മുമ്പ് രൂപം കൊണ്ട ഈ സ്ഥാപനം, ഇടുക്കി ജില്ലയിലെ ഹൈറേഞ്ച് പ്രദേശത്തിന്റെ സാമൂഹിക-സാംസ്കാരിക ചരിത്രത്തിൽ തിലകക്കുറിയായി ഇന്നും നിലനിൽക്കുന്നു.



അഞ്ചാം ക്ലാസു
മുതൽ ഹയർ സെക്കണ്ടറി
വരെയുള്ള ക്ലാസ്സുകളാണ് സ്കൂളിൽ
പ്രവർത്തിക്കുന്നത്.
025–26 അധ്യയനവർഷത്തിൽ,
തമിഴ്-മലയാളം മാധ്യമങ്ങളിലായി
ഹൈസ്കൂൾ വിഭാഗത്തിൽ 91
വിദ്യാർത്ഥികളും, ഹയർ സെക്കണ്ടറി
വിഭാഗത്തിൽ 300 വിദ്യാർത്ഥികളും
പഠനം നടത്തുന്നു.
വിദ്യാഭ്യാസത്തിൽ സമഗ്രത
ലക്ഷ്യമിടുന്ന
ഈ സ്ഥാപനത്തിന് മുന്നോട്ടുള്ള
യാത്രയിൽ ഭൗതികസൗകര്യങ്ങളിലെ
അപര്യാപ്തത വളർച്ചയ്ക്ക്
തടസ്സമാകുന്നുണ്ട്.
എന്നിരുന്നാലും,
കഠിനാധ്വാനത്തിലും
പ്രതിബദ്ധതയിലുമൂന്നിയ
അധ്യാപകസമൂഹവും, പി.ടി.എ യും
വിദ്യാർത്ഥികളും ചേർന്ന്,
സ്കൂളിന്റെ അഭിമാനകരമായ
പാരമ്പര്യത്തെ മുന്നോട്ടു
കൊണ്ടുപോകുന്നതിനുള്ള
ശ്രമങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നു.

# ചരിത്രം

വിദ്യാഭ്യാസത്തിന്റെ മഹത്വം മനസിലാക്കിയ പ്രഗത്ഭനായ സാമൂഹികപ്രവർത്തകൻ ശ്രീ. ചിദംബരം പിള്ളയുടെ കാഴ്ചപ്പാടാണ് ചിദംബരം പിള്ള മെമ്മോറിയൽ ഹൈയർ സെക്കന്ററി സ്കൂൾ എന്ന നിലയിൽ *1936*-ൽ രൂപം കൊണ്ടത്. അദ്ദേഹത്തിന്റെ സ്വന്തം എസ്റ്റേറ്റിന്റെ ഭാഗത്താണ് ഈ വിദ്യാലയം സ്ഥാപിതമായത്. തുടക്കത്തിൽ യു.പി. സ്കൂൾ ആയിരുന്നു. പിന്നീട് ഹൈസ്കൂളായി ഉയർന്നു, തുടർന്ന് ഹയർ സെക്കന്ററി വിഭാഗവും ആരംഭിച്ച്, പ്രദേശത്തെ വിദ്യാഭാസ രംഗത്ത് വലിയൊരു സംഭാവനയായി മാറി. ആദ്യകാലത്ത് സമീപ പ്രദേശങ്ങളിലൊന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ ഈ സ്കൂൾ *2000*-ലധികം കുട്ടികൾക്ക് വിദ്യാഭാസം ലഭ്യമാക്കിയതിലൂടെ വിദ്യാലയ ചരിത്രത്തിൽ ഒരു സുപ്രധാന അധ്യായമായി മാറി. ഇപ്പോഴും നിരവധി വിദ്യാർത്ഥികളുടെ ഭാവി നിർമിക്കുന്നതിൽ ഈ സ്ഥാപനം നിർണായക പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു.

ഇടുക്കി ജില്ലയിലെ മലനിരകളിലായി സ്ഥിതിചെയ്യുന്ന, പ്രകൃതിസൗന്ദര്യം വഴിഞ്ഞൊഴുകുന്ന ഒരു പ്രദേശമാണ് പീരുമേട്. കോട്ടയം-കുമളി റോഡിൽ കോട്ടയത്തു നിന്നും ഏകദേശം 75 കിലോമീറ്റർ ദൂരത്തിലാണ് പീരുമേടിന്റെ സ്ഥാനം.

പീരുമേടിന്റെ പഴയ പേര് അഴുത എന്നാണ്. തിരുവിതാംകൂർ രാജാവിന്റെ വേനൽക്കാല വാസസ്ഥലമായിരുന്ന ഈ പ്രദേശത്തിന് പേര് ലഭിച്ചത് പ്രശസ്തനായ *പീർമുഹമ്മദ് വലിയുല്ലാഹ്* എന്ന സൂഫി സന്യാസിയുടെ പേരിൽ നിന്നാണ്. പീരുമേട് സമൃദ്ധമായ പ്രകൃതിദത്ത സ്വാഭാവിക വിഭവങ്ങൾക്കും കൃഷിക്കും പ്രശസ്തമാണ്. കാപ്പി, തേയില, ഏലം എന്നിവയെ കൂടാതെ കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ കൃഷിയും വ്യാപകമായി നടക്കുന്നു.

ഇത്രയും ആധ്യാത്മികവും പ്രകൃതിസൗന്ദര്യവുമായ അന്തരീക്ഷത്തിൽ കാച്ചിയെടുത്ത വിദ്യാലയമായ ചിദംബരം പിള്ള മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ, ഇന്ന് അറിവിന്റെയും സംസ്കാരത്തിന്റെയും കേന്ദ്രമായി നമുക്ക് ഏറെ അഭിമാനിക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമായി നിലകൊള്ളുന്നു.

## അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ

ഹൈസ്കൂൾ വിഭാഗത്തിൽ 9 അധ്യാപകരും പ്രവർത്തിപരിചയ കലാകായിക വിഭാഗത്തിൽ ഓരോ അധ്യാപകനും ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിശീലനത്തിനായി ഒരു അധ്യാപകനുമുണ്ട്. ഇംഗ്ളീഷിന് ഗസ്റ്റ് അധ്യാപകനാണുള്ളത്. കൂടാതെ ഒരു കൗൺസിലറും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. യു.പി വിഭാഗത്തിൽ മൂന്ന് അധ്യാപകരാണാണുള്ളത്. ഓഫീസ് വിഭാഗത്തിൽ ഒരു ക്ലർക്ക്, രണ്ട് ഓഫീസ് അസിസ്റ്റന്റ് എന്നിവരുമുണ്ട്.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തരത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ വായിക്കാനും എഴുതാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.

- ➢ അധ്യാപനം സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- ➢ പഠനം രസകരവും അനായാസവുമാക്കാൻ സാങ്കേതിക വിദ്യ ഉപയോഗിക്കുക.

## <u>വിദ്യാലയം മികവിന്റെ കേന്ദ്രം</u>

*കാഴ്ചപ്പാട്*

- ✔ പാഠ്യപാഠ്യനുബന്ധപ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ✔ ശുചിത്വം, അനുകമ്പ, സാമൂഹ്യബോധം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.
- ✔ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ.
- ✔ പരിസ്ഥിതി അവബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനുമുള്ള കാഴ്ചപ്പാട് രൂപപ്പെടുത്താനും കുട്ടിയെ പ്രാപ്തനാക്കൽ.

# നിലവിലെ അവസ്ഥ വിശകലനം

## ഭൗതിക നേട്ടങ്ങൾ

- ✗ ക്ലാസ് റൂമുകൾ പ്രൊജക്ടർ ഉപയോഗിച്ച് ഹൈടെക് സംവിധാനത്തിലേക്ക് മാറി.
- ✗ കുട്ടികൾക്ക് വേണ്ടി കുടിവെള്ള സംഭരണിയും വാട്ടർ പ്യൂരിഫയറും സ്ഥാപിച്ചു.
- ✗ ഐ.ടി ലാബുകൾ, ലൈബ്രറി എന്നിവയും സ്കൂളുകളിൽ പ്രവർത്തിക്കുന്നു.

## അക്കാദമിക നേട്ടങ്ങൾ

**തുടർച്ചയായി പത്താം ക്ലാസ് പരീക്ഷയിൽ *100%* വിജയം കരസ്ഥമാക്കാൻ കഴിഞ്ഞുവരുന്നു. വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ജെ.ആർ.സി.യൂണിറ്റ് ഉണ്ട്. സംസ്ഥാന ശാസ്ത്രമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ മികച്ച വിജയം നേടാനും സ്കൂളിന് സാധിച്ചു. സംസ്ഥാന ദേശീയ കായികമേളയിൽ പങ്കെടുക്കുവാൻ മികച്ച വിജയം നേടുവാനും സ്കൂളിന് സാധിച്ചു.**

## <u>പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ</u>

- കുട്ടികളെ സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരായി വളർത്തുക.
- വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്നുള്ള കൂട്ടായ പ്രവർത്തനത്തിലൂടെയുളള മുന്നേറ്റം.
- മതസരാതീതമായി പഠനപ്രവർത്തനങ്ങളിലും കലാകായിക പ്രവർത്തനങ്ങളിലും പങ്കെടുക്കൽ.
- വിദ്യാർത്ഥികൾക്കിടയിൽ സ്നേഹവും സഹവർത്തിത്വവും വളർത്തൽ.



# അക്കാദമിക് മാസ്റ്റർപ്ലാൻ

## മലയാളം

## അകനിലാവ്

### ഹൈസ്കൂൾ വിഭാഗം


രമാദേവി. വി.

440109

എച്ച്.എസ്.റ്റി മലയാളം

സി.പി.എം.ഗവ. ഹൈസ്കൂൾ

പീരുമേട്.

2025-26 അക്കാദമികവർഷത്തെ എന്റെ സ്കൂളിലെ മലയാളം വിഷയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാനാണ് അകനിലാവ്. കഴിഞ്ഞ വർഷങ്ങളിലായി തയാറാക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ ക്ലാസ്സുകളെ (8, 9, 10) ഒന്നിച്ച് മുന്നിൽ കണ്ടുകൊണ്ടായിരുന്നു പാഠപുസ്തകം കഴിഞ്ഞവർഷം മുതൽ മാറി വന്നു കഴിഞ്ഞ് കൂടുതൽ തയാറെടുപ്പുകൾ ആവശ്യമായി വന്നിരിക്കുന്നു. ആ തിരിച്ചറിവിന്റെ വെളിച്ചത്തിൽ ഓരോ ക്ലാസ്സിലേയും പാഠപുസ്തകത്തെ അടിസ്ഥാനമാക്കി അകനിലാവിനെ പുതുക്കേണ്ടിയിരിക്കുന്നു.

ക്ലാസ്സ്‌റൂം പ്രവർത്തനങ്ങൾ പാഠപുസ്തകത്തിൽ അധിഷ്ഠിതമാണല്ലോ. ഈ പ്രവർത്തനങ്ങളെ സ്കൂൾ തലഭാഷാപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തേണ്ടതുണ്ട്. പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനുള്ള ഒരു മാർഗരേഖയാണ് അകനിലാവ്.

എന്റെ സ്കൂളിലെ കുട്ടികളുടെ പഠനനിലവാരം, ജീവിതസാഹചര്യം, പഠനതാല്പര്യം എന്നിവ മുന്നിൽ കണ്ടാണ് ഒരു മാസ്റ്റർപ്ലാൻ തയാറാക്കേണ്ടത് എന്ന് ഞാൻ വിശ്വസിക്കുന്നു. മാതൃഭാഷ എന്റെ അഭിമാനം എന്ന നിലയിൽ ഉയർത്തിക്കൊണ്ടുവരികയും ഒപ്പം കുട്ടികൾക്ക് തുടർന്നുള്ള ജീവിതത്തിലും ഭാഷ ആശയവിനിമയത്തിനും വൈകാരിക കൈമാറ്റത്തിനും ഉപയോഗിക്കാനും ലക്ഷ്യം വച്ചുള്ള ബോധനമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. സ്കൂൾ പഠനകാലത്ത് ആഹ്ളാദകരമായ അന്തരീക്ഷവും ആനന്ദാനുഭവങ്ങളും അവർ അർഹിക്കുന്നു. കുട്ടികളുടെ സമഗ്ര വികസനമാണ് സാധ്യമാകേണ്ടത്. സന്തോഷവിദ്യാലയമാണ് ലക്ഷ്യം.ഒപ്പം മൂല്യനിർണ്ണത്തിന്റെ വിലയിരുത്തൽ പ്രക്രിയയിലൂടെ കുട്ടികളെ നിരന്തരംകൈപിടിച്ച് എത്തിക്കുകയും വേണം. ഈ ലക്ഷ്യങ്ങളിലേക്കാണ് അകനിലാവ് എന്നെ നയിക്കുന്നത്.

അക്കാദമിക മികവ്, വൈകാരിക സുരക്ഷ, സാമൂഹികവികസനം, ശാരീരികാരോഗ്യം എന്നിവ ഉൾക്കൊള്ളുന്ന ഒരു പഠനാന്തരീക്ഷം ഉണ്ടാക്കിയെടുക്കാനുള്ള ശ്രമമാണ് അകനിലാവ് ലക്ഷ്യം വയ്ക്കുന്നത്.

- വി. രമാദേവി

| പ്രവർത്തനം | പ്രവർത്തനലക്ഷ്യം | സമയപരിധി | പ്രക്രിയ |
| --- | --- | --- | --- |
| പ്രീ-ടെസ്റ്റ് | നിലവാരം മനസ്സിലാക്കുക. 8,9,10 ക്ലാസ്സുകളിൽ. | 04.06.2025 | എം.ടി. എഴുതിയ ഭാഷാ പ്രതിജ്ഞ |
| 2.അക്ഷരമാല | ഏതുഭാഷയുടെയും അഭിമാനമാണ് ലിപി. മലയാളത്തിന്റെ 51 അക്ഷരങ്ങളുള്ള ലിപി സംവിധാനം | ജൂൺ മാസം | അക്ഷരമാല പ്രദർശിപ്പിക്കുക, ലിപി എഴുതുക, വായിക്കുക. |
| 3.അക്ഷരത്തിരി | അക്ഷരങ്ങളിൽനിന്നും വാക്കുകളിലേക്കും വാക്യങ്ങളിലേക്കും എഴുത്തിലേക്കും വായനയിലേക്കും കടക്കാനുള്ള വെട്ടമാണ് അക്ഷരത്തിരി | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠഭാഗവുമായി ബന്ധപ്പെട്ട വാക്കുകൾ നൽകുക. കേട്ടെഴുത്ത് ഇടുക.വായിക്കുകയും എഴുതുകയും ചെയ്യുക. |
| 4.അക്ഷരാകാശം. | അക്ഷരങ്ങളെ ആത്മ പ്രകാശനത്തിനും സർഗ്ഗാത്മകതയ്ക്കും അറിവുകൾ പങ്കിടുന്നതിനും സ്വയം പുതുക്കപ്പെടുന്നതിനും ഉപയോഗിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | വാക്കുകൾ കൂട്ടിചേർത്ത് അർത്ഥവത്തായ വാക്യങ്ങൾ നിർമ്മിക്കുക. കേന്ദ്രാശയങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റുക. |
| 5.മൊഴിച്ചന്തം | വർത്തമാനങ്ങളും പഴമൊഴികളും നാട്ടുപുരാണങ്ങളും വാമൊഴി പാരമ്പര്യം ഭാഷയുടെ കരുത്താണ്. നൂറുമലയാളിക്ക് നൂറുമലയാളം എന്ന ചിന്തകൂടി മനസ്സിലാക്കേണ്ടതുണ്ട്. | ജൂൺ മുതൽ ഫെബ്രുവരി വരെ | സിനിമകൾ, നോവലുകൾ, റീലുകൾ, ആളുകൾ തുടങ്ങിയ മാർഗങ്ങളിലൂടെ ഭാഷാഭേദങ്ങൾ കണ്ടെത്തണം. പഴഞ്ചൊല്ല്, ശൈലികൾശേഖരിക്കുന്നു. കവിത താളാത്മകമായി ചൊല്ലുന്നു. |

| | | | |
|---|---|---|---|
| 6. വായനച്ചിന്ത് | വായിച്ചുവളരുന്നതിനും വായിച്ചു വിളയുന്നതിനും അറിവിന്റെ ആകാശങ്ങളിലേക്ക് പറന്നുയരാൻ, വായനയുടെ മാധ്യര്യമറിയാൻ വായനച്ചിന്ത്. | ജൂൺ മുതൽ മെയ് വരെ | ലൈബ്രറി, പത്രങ്ങൾ മാഗസിനുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള വിപുലമായ വായന,കഥകൾ ഭാവാത്മക വായന, കാവ്യാലാപനം, ശ്രാവ്യ വായന അവധിക്കാല വായന - അമ്മവായന |
| 7.എഴുത്തിടം. | എഴുതാനൊരിടം. വായന പോലെ എഴുത്തും പ്രധാനമാണ്.അക്ഷരമാലയ ിൽ തുടങ്ങുന്ന അനസ്യൂതമായ വളർച്ച ഉണ്ടാകേണ്ടതുണ്ട്. | ജൂലൈ മുതൽ ഫെബ്രുവരി വരെ | അക്ഷരമാലയിൽ തുടങ്ങി ആസ്വാദനതലം വരെ വിവിധ വ്യവഹാര രൂപങ്ങളിൽ ആശയങ്ങൾ ആവിഷ്കരിക്കുക. സ്വതന്ത്ര എഴുത്തിലേക്ക് കടക്കുക. |
| 8. വാർത്തകൾ, വർത്തമാനങ്ങൾ | വാർത്തകൾ നിരന്തരം പുതുക്കി പണിയുന്നലോകത്തിൽ ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക,വാർത്തകളുടെ ലോകത്തിലെ തൊഴിൽ മേഖലകൾ പരിചയപ്പെടുക | ജൂലൈ - ഫെബ്രുവരി | വാർത്തവായന, വാർത്ത അവതരണം, ലൈവ് വാർത്ത തുടങ്ങിയവ പരിചയപ്പെടുക.<br><br>പ്രൂഫ് റീഡിംഗ് എഡിറ്റിംഗ്,മുഖപ്രസംഗം തയാറാക്കൽ തുടങ്ങിയവ മനസ്സിലാക്കൽ. |
| 9.ബഡ്ഡിംഗ് റൈറ്റേഴ്സ് | വായനക്കൂട്ടം-എഴുത്തുകൂട്ടം | ആഗസ്റ്റ് മുതൽ ജനുവരി | സർഗ്ഗാത്മക എഴുത്ത് പ്രോത്സാഹിപ്പിക്കുക ഡിജിറ്റൽ പത്രം മാഗസിൻ ചുമർ പത്രം. |

| | | | |
|---|---|---|---|
| 10.വിദ്യാരംഗം. | സ്വതന്ത്ര എഴുത്ത്, വായന പ്രോത്സാഹിപ്പിക്കൽ.<br>വിദ്യാരംഗം കലാസാഹിത്യ വേദിയുമായി നിരന്തരം ബന്ധപ്പെടുത്തി കലയും സാഹിത്യവും പ്രോത്സാഹിപ്പിക്കുക. | ജൂലൈ - ഫെബ്രുവരി | നാടൻ പാട്ട് അവതരിപ്പിക്കുന്നു.<br>നാടകങ്ങൾ<br>സ്കിറ്റുകൾ<br>പതിപ്പുകൾ പ്രകാശനം<br>നാടൻ പാട്ട്<br>ചിത്ര പ്രദർശനം |

## ACADEMIC MASTER PLAN-ENLISH

| S/NO | Area | Activities | Objectives | Duration | Duty |
|---|---|---|---|---|---|
| 1 | English Language Acquistion | Conduct English assembly | To develop efficiency in speaking and reading in English | Monthly | English teacher |
| 2 | Reading | News Reading Competitin, Book Review. | To Encourage reading. | Once a month | English teacher |
| 3 | English Quiz | Conduct quiz Competition based on grammar. | To excel in grammar,Vocabulary | Monthly | English teacher |
| 4 | Creativity in English Language | Essay Writing, Elocution,Story Writing. | Developing Creative Ability in English. | Monthly | English teacher |
| 5 | English Diary | Preparing diary | Developing to Write English fluently. | Once a week | English teacher |

# CPM GHSS PEERMADE

ACADEMIC MASTERPLAN

HINDI 2025-2026

മേഖല -അക്കാദമികം ഉപമേഖല -ഹിന്ദി ഭാഷ -ക്ലാസ് തലം

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | 8 | ഹിന്ദി ഭാഷ അധ്യാപക | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ SWSN, SLOW Learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| കുട്ടികളുടെ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രക്രിയകൾ നിലവാരം നോക്കുന്നു | ജൂൺ ആദ്യ വാരം | 8,9,10 | ഹിന്ദി അധ്യാപക | ചില കുട്ടികൾ ഇപ്പോഴും പുറകിലാണ് അവർക്ക് വായിക്കുവാനും എഴുതുവാനും കഴിയണം |
| ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക ദൈനം ദിന വർക്കുകൾ ഹിന്ദിയിൽ ചെയ്യിപ്പിക്കുക.<br>CWSN, slow Learners കുട്ടികൾക്കായി പ്രത്യക രീതിയിൽ പഠന പ്രവർത്തനങ്ങൾ | പ്രതിദിനം<br>ആഴ്ചയിൽ ഒന്ന് | 8,9<br>8,9,10 | ഹിന്ദി അധ്യാപക<br>ഹിന്ദി അധ്യാപക | വായന, കേൾവി എഴുത്ത് 3 ശേഷികളും വർധിപ്പിക്കുക |
| പല വർണങ്ങളിൽ അക്ഷരമാല അവതരണം ആകർഷകമായ | പ്രതിദിനം | 5,6,7,8,9, 10 | ഹിന്ദി അധ്യാപക | കുട്ടികളെ അക്ഷരങ്ങളിലേക്ക് ആകർഷിക്കുന്നു |

| | | | | |
|---|---|---|---|---|
| രീതിയിൽ പദസൂര്യൻ | | | | |
| ഹിന്ദിയിലുള്ള ജീവനി, ആത്മ കഥ, കഥ വായന | ആഴ്ചയിൽ ഒന്ന് | | ഹിന്ദി അധ്യാപക | ഭാഷയിലെ എഴുത്ത്, വായന തുടങ്ങിയവ വർദ്ധിക്കുന്നു |
| ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് രസകരമായ പാക്കേജുകൾ | ആറുമാസം | | ഹിന്ദി അധ്യാപക | ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനും പഠനം രസകരമാക്കുന്നതിനും സഹായിക്കുന്നു |

# ഗണിതം - അക്കാദമിക മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൾ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ ആഴ്ച |
| 2 | ഗണിത മുന്നേറ്റം | ഗണിതത്തിൽ ശേഷി കുറഞ്ഞ കുട്ടികൾക്ക് വർക്ക് ഷീറ്റുകൾ നൽകുന്നു. | തുടർ പ്രവർത്തനം |
| 3 | ഗണിത പുസ്തകങ്ങൾ പരിചയപ്പെടൽ | ഗണിതത്തിൽ താൽപ്പര്യം ഉള്ള കുട്ടികളെ കണ്ടെത്തി ലൈബ്രറിയിലെ ഗണിത പുസ്തകങ്ങൾ വായിക്കുവാൻ ലഭ്യമാക്കുന്നു | വായന വാരം, തുടർ പ്രവർത്തനം |
| 4 | ഗണിത ലാബ് | ഗണിത ലാബിലേയ്ക്ക് വേണ്ടുന്ന പഠന ഉപകരങ്ങൾ നിർമ്മിക്കുന്നു. | വെള്ളിയാഴ്ച / ശനിയാഴ്ചകളിൽ |
| 5 | ഗണിതമേളകൾക്ക് | ഗണിത മേളയിലെ പ്രവർത്തനങ്ങൾ പരിചയപ്പെടൽ | വെള്ളിയാഴ്ച / ശനിയാഴ്ചകളിൽ |
| 6 | ഗണിത ശാസ്ത്രജ്ഞർ | ഗണിതതതിൽ വലിയ സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞരെ പരിചയപ്പെടൽ | തിങ്കളാഴ്ചകൾ |
| 7 | ഗണിത ക്വിസ് | ഗണിതത്തിലെ ക്വിസ് ലെവൽ ചോദ്യങ്ങൾ പരിചയപ്പെടൽ | ചൊവ്വാഴ്ചകൾ |

സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക . | • ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ ചെയ്യുന്നു<br>• മോഡലുകൾ നിർമ്മിക്കുന്നു.<br>• പ്രൊജക്ട് തയ്യാറാക്കി അവതരിപ്പിക്കുന്നു<br>• ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക | പി ടി എ |
| . നിരന്തരമായി അന്വേഷണം നടത്തുന്നു,ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്നു | . സെമിനാർ തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>. ശാസ്ത്ര പ്രദർശനംexplore _25<br>. ശാസ്ത്ര ആൽബം - ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ<br><br>ക്ലാസ് ലാബ്, ക്ലാസ് ശാസ്ത്ര ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക | സയൻസ് ക്ലബ് |
| .മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം | ..വൃക്ഷത്തൈകൾ പച്ചക്കറിത്തോട്ടം എന്നിവ നിർമ്മിക്കുന്നു.<br>.കുട്ടികളുടെ ആരോഗ്യ രേഖ തയ്യാറാക്കുന്നു | ‘’ | ‘’ | “” |

| | | | | |
|---|---|---|---|---|
| . നിത്യ ജീവിതത്തിൽ പ്രയോഗിക്കാനുള്ള അറിവ് നേടുക.പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തുക | .പ്ലാസ്റ്റിക്കിനെ കുറിച്ച് സ്കൂൾ ക്യാമ്പസിൽ ബോധവൽക്കരണം നടത്തുന്ന .കൗമാര കാലഘട്ടത്തിലെ ഭക്ഷണക്രമത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്ന .ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രോജക്ട് ചെയ്യുന്ന | അക്കാദമിക വർഷം | സയൻസ് അധ്യാപിക | സയൻസ് ക്ലബ്ബ് പിടിഎ |
| പ്രകൃതിയോട് താല്പര്യം ഉണ്ടാക്കുന്ന | .ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം ,ചെറുവനം ,കുളം, ശലഭ പാർക്ക് ,നേച്ചർ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്ന | അക്കാദമിക വർഷം | സയൻസ് അധ്യാപിക | സയൻസ് ക്ലബ്ബ് |
| ശാസ്ത്ര ആഭിമുഖ്യം വളർത്തുക | സയൻസ് മാഗസിൻ നിർമ്മിക്കുന്നു, കൊളാഷുകൾ നിർമ്മിക്കുന്നു, ദിനാചരണങ്ങൾ നടത്തുന്ന, ശാസ്ത്രമേള സംഘടിപ്പിക്കുന്ന | അക്കാദമിക വർഷം | സയൻസ് അധ്യാപിക | സയൻസ് ക്ലബ്ബ് പിടിഎ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# സോഷ്യൽ സയൻസ്

| പ്രവർത്തനങ്ങൾ | പ്രവർത്തനകാലം |
|---|---|
| സോഷ്യൽ സയൻസ് ക്ലബ്ബ്പ്രവർത്തനങ്ങൾ. ഇതിലൂടെ സാമൂഹ്യ അവബോധം മൂല്യബോധം പൗരബോധം എന്നിവ വളർത്തുക.ദിനാചരണങ്ങൾ നടത്തുക | ജൂൺ - മാർച്ച് |
| പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുക. ഇതിനായി ലഭ്യമായ അവസരങ്ങളിൽ ക്വിസ് മത്സരങ്ങൾ നടത്തുക | ജൂൺ - മാർച്ച് |
| ഗ്ലോബ്പരിചയപ്പെടുക. ഇതിലൂടെ രാജ്യങ്ങളുടെ സ്ഥാനം അക്ഷാംശരേഖാംശരേഖകൾ എന്നിവ മനസ്സിലാക്കാൻസഹായിക്കുന്നു | ജൂൺ - മാർച്ച് |
| സാമൂഹ്യശാസ്ത്ര പഠനത്തിന് ഐസിടി സാധ്യത പ്രയോജനപ്പെടുത്തുക . രാജ്യങ്ങൾ പ്രദേശങ്ങൾ വ്യക്തികൾ എന്നിവ പരിചയപ്പെടുന്നതിന് വീഡിയോസ്,ഓഡിയോസ് എന്നിവ ഉപയോഗിക്കുന്നു . | ജൂൺ - മാർച്ച് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26
# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പഠിതാക്കളിൽ ചരിത്ര പഠനത്തിന് താത്പര്യം ജനിപ്പിക്കുക,അന്വേഷണ ത്വര വർദ്ധിപ്പിക്കുക. | സമീപ പ്രദേശത്തുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലം സന്ദർശിക്കുക (സൂഫീ സന്ന്യാസി പീർ മുഹമ്മദിന്റെ കുടീരം,അമ്മച്ചിക്കൊട്ടാരം) | ജൂൺ മുതൽ ജനുവരി വരെ | ചരിത്ര അധ്യാപകൻ |
| മായമില്ലാത്ത ഭക്ഷണത്തിന്റെ പ്രാധാന്യം,അതിലൂടെ ആരോഗ്യം നിലനിർത്തൽ | പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട് ഭക്ഷ്യമേള സംഘടിപ്പിക്കൽ | ജൂൺ മാസം | ചരിത്ര അധ്യാപകൻ |
| ഭൂപട രചന | ഇന്ത്യയുടേയും കേരളത്തിന്റേയും ഭൂപടത്തിന്റെ മാതൃക വരച്ചു പഠിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ചരിത്രാധ്യാപകൻ |

| | | | |
|---|---|---|---|
| ഓൺലൈൻ ക്വിസ് മത്സരം | ചരിത്രാവബോധം വളർത്തുന്നതിന് ഓൺ ലൈൻ ആയി പ്രശ്നോത്തിരി സംഘടിപ്പിക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ചരിത്രധ്യാപകൻ |
| ദേശീയ ബോധം വളർത്തൽ | ദേശീയ ഗാനം ശരിയായി ആലപിക്കാൻ പഠിപ്പിക്കുന്നു. | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | സഹ അധ്യാപകരോടൊപ്പം ചരിത്രധ്യാപകൻ |
| യു.എസ്സ്.എസ്സ് പരിശീലനം | ചരിത്ര ക്വിസ് ചരിത്ര പാഠത്തിലെ വൺ വേർഡ് ചോദ്യോത്തരങ്ങൾ കണ്ടെത്തി യു.എസ്സ്. എസ്സ് പരീക്ഷകളുള്ള പരിശീലനത്തിന് തയ്യാറെടുക്കുന്നു. | ജൂൺ മുതൽ ജനുവരി വരെ | ചരിത്രധ്യാപകൻ |
| പോസ്റ്റ് ഓഫീസ്, കോടതി പ്രവർത്തനങ്ങൾ മനസ്സിലാക്കുക | പോസ്റ്റ് ഓഫീസും കോടതിയും സന്ദർശനം ഒരു കോടതി എങ്ങനെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കുന്നതിനായി കോടതി സന്ദർശിക്കുന്നു. | വർഷത്തിൽ ഒരു തവണ<br>വർഷത്തിൽ ഒരു തവണ | ചരിത്രധ്യാപകൻ, സാമൂഹ്യശാസ്ത്ര ക്ലബ് |
| തെരഞ്ഞെടുപ്പ് പരിചയപ്പെടൽ | സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തുന്നു.അതിലൂടെ തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുന്നു. | വർഷത്തിൽ ഒരു തവണ | ചരിത്രധ്യാപകൻ സാമൂഹ്യശാസ്ത്ര ക്ലബ് |